# Athmaraksha.org

ജീവിതത്തിലെ വിഷമഘട്ടങ്ങൾ

## കഷ്ടപ്പാട്, സഹനങ്ങൾ




അങ്ങു കാണുന്നുണ്ട്; കഷ്ടപ്പാടുകളും ക്ലേശങ്ങളുംഅങ്ങു തീർച്ചയായും കാണുന്നുണ്ട്; അങ്ങ് അവ ഏറ്റെടുക്കും, നിസ്സഹായൻ തന്നെത്തന്നെ അങ്ങേയ്ക്ക് സമർപ്പിക്കുന്നു; അനാഥന് അവിടുന്നു സഹായകനാണല്ലോ (സങ്കീർത്തനങ്ങൾ 10:14).

തന്റെ നിത്യമഹത്വത്തിലേക്കു ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അൽപകാലത്തെ സഹനത്തിനുശേഷം പൂർണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും (1 പത്രോസ് 5:10).

നിന്റെ പ്രവൃത്തികൾക്കു കർത്താവ് പ്രതിഫലം നൽകും. നീ അഭയം പ്രാപിച്ചിരിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവ് നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും (റൂത്ത് 2:12).

കർത്താവ് നല്ലവനും കഷ്ടതയുടെ നാളിൽ അഭയദുർഗവുമാണ്. തന്നിൽ ആശ്രയിക്കുന്നവരെ അവിടുന്ന് അറിയുന്നു (നാഹും 1:7).

നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു (റോമാ 8:18).

എനിക്കു നീതി നടത്തിത്തരുന്ന ദൈവമേ, ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ എനിക്ക് ഉത്തരമരുളണമേ! ഞെരുക്കത്തിൽ എനിക്ക് അങ്ങ് അഭയമരുളി, കാരുണ്യപൂർവം എന്റെ പ്രാർഥന കേൾക്കണമേ! (സങ്കീർത്തനങ്ങൾ 4:1). ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്; മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു (സങ്കീ 34:18).

എന്റെ ശരീരവും മനസ്സുംക്ഷീണിച്ചു പോയേക്കാം; എന്നാൽ, ദൈവമാണ് എന്റെ ബലം; അവിടുന്നാണ് എന്നേക്കുമുള്ള എന്റെ ഓഹരി (സങ്കീ 73:26). ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു; എന്റെ പ്രാർഥനകേട്ട് അവിടുന്ന് എന്നെ മോചിപ്പിച്ചു (സങ്കീ 118:5). അവിടുന്നു ഹൃദയം തകർന്നവരെസൗഖ്യപ്പെടുത്തുകയും അവരുടെ മുറിവുകൾ

വച്ചുകെട്ടുകയും ചെയ്യുന്നു (സങ്കീ 147:3).

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെനീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്തായി 6:33).

നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും (യോഹന്നാൻ 15:7).

വിളിക്കും മുൻപേ ഞാൻ അവർക്ക് ഉത്തരമരുളും, പ്രാർഥിച്ചുതീരുംമുൻപേ ഞാൻ അതു കേൾക്കും (ഏശയ്യാ 65:24).

കർത്താവിന്റെ ശിക്ഷണത്തെ നിന്ദിക്കരുത്; അവിടുത്തെ ശാസനത്തിൽ മടുപ്പുതോന്നുകയുമരുത്. എന്തെന്നാൽ, പിതാവ് പ്രിയപുത്രനെഎന്നപോലെ, കർത്താവ് താൻസ്നേഹിക്കുന്നവനെ ശാസിക്കുന്നു ( സുഭാഷിതങ്ങൾ 3:11-12).

താൻ സ്നേഹിക്കുന്നവന് കർത്താവു ശിക്ഷണം നൽകുന്നു; മക്കളായി സ്വീകരിക്കുന്നവരെപ്രഹരിക്കുകയും ചെയ്യുന്നു (ഹെബ്രായർ 12:6).

നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും. ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും (യോഹന്നാൻ 16:23-24).